# പരിശുദ്ധ മറിയം ഉടമ്പടിപ്പേടകം

റവ. ഡോ. കുര്യൻ വാലുപറമ്പിൽ

## 1. സെപ്തംബറിന്റെ പുണ്യം

സെപ്തംബർ സമീപിക്കുന്നു. പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാളാഘോഷത്തിന് ഒരുക്കമായി. വിശേഷിച്ച്, വനിതകൾ; അവരിൽത്തന്നെ യുവതികൾ പ്രത്യേകിച്ച്. ജപമാലമണികൾ ഏറെ ഉരുളുന്ന കാലം. മരിയഭക്തർക്കു പ്രിയങ്കരമായ ജപമാലയിൽ പരിശുദ്ധ മറിയമിനെ 'വാഗ്ദാനത്തിന്റെ പെട്ടകം' എന്ന് സംബോധന ചെയ്തപേക്ഷിക്കുന്നു. *തേബാ ഹബ്ബ്രീത്* (ഹീബ്രു) = *ആർക്ക് ഓഫ് ദ് കവനെന്റ്* (ഇംഗ്ലീഷ്)-ന് 'വാഗ്ദാനപെട്ടകം' എന്നതിനെക്കാൾ ശരിയായ പരിഭാഷ 'ഉടമ്പടിപ്പെ ട്ടകം' / 'ഉടമ്പടിപ്പേടകം' എന്നാണ്. രണ്ടു പദങ്ങളും പി.ഒ.സി ബൈബിൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യത്തെ വാക്ക് നമ്മുടെ ഈ ലേഖനത്തിൽ ഉപയോഗിക്കുന്നു. അങ്ങനെ 'ഉടമ്പടിപ്പെട്ടകം' എന്ന്.

''സീയോനെക്കുറിച്ചുള്ള പ്രവചനങ്ങൾ അപ്രതീക്ഷിതമായൊരു രീതിയിൽ മറിയമിൽ നിവൃത്തി യായിരിക്കുന്നു. കർത്താവ് സത്യമായും അധിവസിക്കുന്ന ഉടമ്പടിപ്പെട്ടകമായിത്തീർന്നു മറിയം'' (പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പാ, *നസറായനായ യേശു - ബാല്യകാലവിവരണം*, 2012, പേജ് 28). ജപമാലയിലെ മരിയാഭിധാനങ്ങളിൽ ബൈബിളധിഷ്ഠിതമായുള്ള ചുരുക്കം ചിലതിലൊന്നാണ് 'ഉടമ്പടിപ്പെട്ടകം' എന്നത്. ഇതിന്റെ ബൈബിൾപശ്ചാത്തലം *ഇതാ കർത്താവിന്റെ ദാസി* എന്ന ഗ്രന്ഥത്തിൽ (1995; പേജ് 54) ഈ ലേഖകൻ സംക്ഷിപ്തമായി പരാമർശിച്ചിട്ടുണ്ട്. കുറെക്കൂടി വിശദമായൊരു വിശകലനം സിറിയൻ അന്ത്യോ ക്യൻ പാരമ്പര്യത്തിൽപ്പെട്ട ലൂക്കായോടു ചേർന്നു നടത്തുന്നത് പരിശുദ്ധ ദൈവ മാതാവിനെ കൂടുതലറിയാൻ സഹായകമാകുമല്ലോ - അറിഞ്ഞ് കൂടുതൽ അടുക്കാനും ആവുന്നത്രയും അനുകരിക്കാനും. ക്രിസ്ത്യാനികൾ പരിശുദ്ധ മാതാവിനെ അനുകരിച്ച് ക്രിസ്തുവാഹകരും തദനുസാരിയായി ആനന്ദദായകരും ആകണമല്ലോ.

## 2. ലൂക്കായുടെ വിവരണത്തിന്റെ വെളിച്ചത്തിൽ

### 2.1 ലൂക്കോസല്ല, ലൂക്കായാണ്

ലൂക്കായുടെ പേരിനെക്കുറിച്ചുള്ള ഒരു കുറിപ്പോടെ ആരംഭിക്കട്ടെ. *സത്യവേദപുസ്തക*ത്തിൽ 'ലൂക്കോസ്' എന്ന് ലൂക്കായുടെ പേര് തെറ്റിച്ചു നല്കിയിരിക്കുന്നതാണ് മലങ്കരക്കാർ പറഞ്ഞുപോരു ന്നത്. *ലൂകോസ്* എന്ന ഗ്രീക്കുപദത്തിനർഥം 'ചെന്നായ്' എന്നാണ്. ഈ പദം ലൂക്കാതന്നെ ലൂക്കാ 10,3; അപ്പ 20,29 എന്നിവി ടങ്ങളിൽ പ്രയോഗിച്ചിട്ടുണ്ട്. കൂടാതെ, മത്താ 7,15; 10,16; യോഹ 10,12 (2 പ്രാവശ്യം) എന്നിവിടങ്ങളിലുമുണ്ട്. എല്ലായിടത്തും 'ചെന്നായ്' എന്നാണർഥം. ലൂക്കായുടെ പേര് ഗ്രീക്ക്, സുറിയാനി ഭാഷകളിൽ 'ലൂകാ' (ലൂക്കാ) എന്നുതന്നെയാണ്. സുവിശേഷകനായ ലൂക്കായെ 'ചെന്നായ്' എന്നു വിളിക്കാതിരിക്കാൻ മലങ്കര സുറിയാനി കത്തോലിക്കരെങ്കിലും മര്യാദ കാണിക്കണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു. *കടിച്ചുചീന്തുന്ന ചെന്നാ യ്ക്കളെ* (വ്യാജപ്രവാചകന്മാരെ) *സൂക്ഷിച്ചു കൊൾവിൻ* എന്ന് മത്തായിയെപ്പോലെ ലൂക്കായും നല്കുന്ന മുന്നറിയിപ്പുണ്ട് (ലൂക്കാ 10,3).

### 2.2 ഉടമ്പടിപ്പെട്ടകത്തിന്റെ പ്രത്യേകതയും മറിയവും

ഉടമ്പടിപ്പെട്ടകത്തെക്കുറിച്ച് പഴയ നിയമത്തിൽ ഇരുനൂറോളം പ്രതിപാദനങ്ങളുണ്ടെന്നത് ഇസ്രായേൽ ജനത്തിന്റെ ജീവിതത്തിൽ ഉടമ്പടിപ്പെട്ടകത്തിന്റെ പ്രാധാന്യത്തിന്റെ ഒരു പ്രത്യക്ഷസൂചനയാണല്ലോ. ഉടമ്പ ടിപ്പെട്ടകത്തിന് സാക്ഷ്യപെട്ടകം, യാഹ്‌വേയുടെ (കർത്താവിന്റെ) പെട്ടകം, ദൈവത്തിന്റെ പെട്ടകം, ഇസ്രായേ ലിന്റെ ദൈവത്തിന്റെ പെട്ടകം എന്നെല്ലാം വിശിഷ്ടനാമങ്ങളുണ്ട്. കർത്താവ് മോശയ്ക്കു സീനായ്മലയിൽവച്ചു നല്കിയ നിയമങ്ങളും കല്പനകളും എഴുതിയ രണ്ടു കല്പലകകൾ (ഉടമ്പടിപ്പത്രിക: പുറ 25,16; നിയ 10,5; എബ്രാ 9,4), നാല്പതു വർഷത്തോളം ഇസ്രായേൽജനത്തിനു മരുഭൂമിയിൽ സ്വർഗത്തിൽനിന്നു നല്കപ്പെട്ടി രുന്ന മന്ന (പുറ 16,4.14.31; എബ്രാ 9,4), ദൈവദാനമായ സത്യപൗരോഹിത്യത്തിന്റെ അടയാളമായ അഹറോന്റെ തളിർത്ത വടി (സംഖ്യ 17,1-11; എബ്രാ 9,4) എന്നിവ നിക്ഷേപിച്ചിരുന്ന പേടകമാണ് ഉടമ്പടിപ്പെട്ടകം. ഇപ്പറഞ്ഞ നിക്ഷേപങ്ങ ളെല്ലാം കർത്താവേശുമിശിഹായുടെ മുൻകുറികളാണ്.

ഉടമ്പടിപ്പെട്ടകത്തിന്റെ നിർമിതിയെക്കുറിച്ച് പുറ 25,10-22 വിവരിക്കുന്നു: കർത്താവ് നിർദേശി ച്ചതനുസരിച്ച് അക്കേഷ്യമരംകൊണ്ട് (കരുവേലമരംകൊണ്ട്) ഉണ്ടാക്കിയത്. ശുദ്ധിചെയ്ത സ്വർണം അകവും പുറവും പൊതിഞ്ഞത്. മീതേ സ്വർണംകൊണ്ടുള്ള അരികുപാളി ഉറപ്പിച്ചത്. ചുരുക്കിപ്പറഞ്ഞാൽ, ദൈവം നിർദേശിച്ച മരം, അളവുകൾ, സ്വർണാലങ്കാരങ്ങൾ, പിടികൾ, കൊളുത്തുകൾ, സ്വർണപ്പൂശുകൾ എന്നിവയെല്ലാമനുസരിച്ചു പണിതതാണ് ഉടമ്പടിപ്പെട്ടകം /സാക്ഷ്യപെട്ടകം. അതു വഹിക്കാനുള്ള തണ്ടുകളും അക്കേഷ്യമരംകൊണ്ടു

പണിത് സ്വർണം പൂശിയവ. പെട്ടകത്തിനു മുകളിൽ കൃപാസനവും പണിയപ്പെട്ടിരുന്നു. അവിടെനിന്നാണ് കർത്താവ് ഇസ്രായേലിനോടു സംസാരിച്ചതും കല്പനകൾ വെളിപ്പെടുത്തിയതും (പുറ 25,22).

**കർത്തൃവാഹി**: *ഇസ്രായേൽജനം മരുഭൂമിയിലൂടെ യാത്ര ചെയ്തപ്പോളെല്ലാം ഉടമ്പടിപ്പെട്ടകം മുമ്പിൽ പോയിരുന്നു. പാളയത്തിൽനിന്നു പേടകം പുറപ്പെട്ടപ്പോളെല്ലാം മോശ പ്രാർഥിച്ചു: കർത്താവേ, ഉണരുക; അങ്ങയുടെ ശത്രുക്കൾ ചിതറിപ്പോകട്ടെ; അങ്ങയെ ദ്വേഷിക്കുന്നവർ പലായനം ചെയ്യട്ടെ. പേടകം നിശ്ചലമായപ്പോൾ അവൻ പ്രാർഥിച്ചു: കർത്താവേ, അങ്ങ് ഇസ്രായേലിന്റെ പതിനായിരങ്ങളിലേക്കു തിരിച്ചുവന്നാലും* (സംഖ്യ 10,35-36). അതുപോലെതന്നെ യുദ്ധത്തിന്റെ ഏറ്റവും മുമ്പിലും. മോശയുടെ പ്രാർഥനയിൽ പ്രതിധ്വനിക്കുന്നത് ഉടമ്പടിപ്പെട്ടകത്തിനുള്ളിലെ ഉടമ്പടിപ്പത്രിക കർത്താവിന്റെ സാന്നിധ്യമാകുന്നു എന്ന വിശ്വാസമാണ്. കർത്താവിന്റെ വാസസ്ഥാനമായാണ് ഇസ്രായേൽ ജനം ഉടമ്പടിപ്പെട്ടകത്തെ ആദരിച്ചിരുന്നത്. കർത്തൃവാഹിയാണ് ഉടമ്പടിപ്പെട്ടകം. ദൈവമായ കർത്താവിന്റെ യഥാർഥ സാന്നിധ്യമായ ദൈവപുത്രനേശുവിനെ ഗർഭപാത്രത്തിൽ വഹിച്ച പരിശുദ്ധ മറിയം, ദൈവമാതാവ്, ഉടമ്പടിപ്പെട്ടകമെന്ന് വിളിക്കപ്പെട്ടത് അവൾക്ക് ഉചിതമായ ആദരവു മാത്രമാണെന്ന് സഭ വിലമതിക്കുന്നു. മലങ്കര സഭയുടെ അന്ത്യോക്യൻ സുറിയാനി ആരാധനക്രമ പ്രാർഥനകളിൽ പരിശുദ്ധ ദൈവമാതാവിനെ അനേക പ്രാവശ്യം ഉടമ്പടിപ്പെട്ടകം /വാഗ്ദാനപെട്ടകം(പേടകം) എന്ന് വിളിക്കുന്നുണ്ട്. അതാവർത്തിക്കുന്നതിൽ മലങ്കര സഭ ആനന്ദമനുഭവിക്കുന്നു. ഉടമ്പടിപ്പെട്ടകത്തിന്റെ നിർമിതിവിശേഷങ്ങളെല്ലാം (പുറ 25,10-22) പരിശുദ്ധ മറിയമിനെ ദൈവംതന്നെയായ ദൈവപുത്രനു മാതാവാക്കാൻ ദൈവം എപ്രകാരം മുന്നമേ ഒരുക്കിയെന്നു വിശ്വാസത്തിൽ ഗ്രഹിക്കാൻ നമുക്കു സഹായകമത്രേ. സഭയുടെ ഈ വിശ്വാസത്തിന്റെ ഒരു ഔദ്യോഗിക അംഗീകാരമായും 1854 ഡിസംബർ 8ന് പിയൂസ് ഒമ്പതാമൻ പാപ്പാ ചെയ്ത അമലോദ്ഭവവിശ്വാസപ്രഖ്യാപനത്തെ കാണാനാകും.

'ഉടമ്പടിപ്പെട്ടകം' എന്ന അഭിധാനം പരിശുദ്ധ ദൈവമാതാവിന് ആദ്യം പ്രയോഗിച്ചത് കുറച്ചുകാലം റോമിലെ മെത്രാനായിരുന്ന ഹിപ്പോളിറ്റസ് (+ എ.ഡി. 235) ആണെന്ന് ഒരു പുസ്തകത്തിൽ വായിച്ച തോർമിക്കുന്നു. 'ഉടമ്പടിപ്പെട്ടകം' എന്ന അഭിധാനത്തിന്റെ പ്രത്യേകത, അത് തിരുഗ്രന്ഥാധിഷ്ഠിതമാകുന്നു എന്ന വസ്തുതയത്രേ.

ഉടമ്പടിപ്പെട്ടകത്തോടു ബന്ധപ്പെട്ടുള്ള സ്വർണത്തിന്റെ ശുദ്ധിയും അഭികാമ്യതയും ധാരാളമായുള്ള ഉപയോഗവും, സമ്പത്തിന്റെ തോതു നിർണയിക്കുന്നതിൽ സ്വർണത്തിനുണ്ടായിരുന്ന സ്ഥാനവും (ഉത്പ 13,2; ന്യായാ 8,26) 'സ്വർണാലയം' എന്ന് മറിയമിനെ വിശേഷിപ്പിച്ചതിന് പ്രേരകമാകാം. അഹറോന്റെ നേതൃത്തിൽ നടത്തിയ വിഗ്രഹാരാധനയ്ക്ക് ഇസ്രായേൽജനം സ്വർണംകൊണ്ടുണ്ടാക്കിയ വിഗ്രഹത്തെ ആരാധിച്ചു. സഭ ഒരിക്കലും മറിയമിനെ ആരാധിക്കുന്നില്ല. പെട്ടകത്തിന്റെ സ്ഥാനമേ സഭ മറിയമിനു നല്കുന്നുള്ളു. മനുഷ്യൻ കണ്ടുപിടിച്ച ലോഹങ്ങളിൽ ഏറ്റവുമാദ്യത്തേതും, ഏറെക്കുറെ ശുദ്ധമായ അവസ്ഥയിൽ ഭൂമിയിൽനിന്നു കുഴിച്ചെടുക്കുന്നതുമാണല്ലോ സ്വർണം. ഈ വിശേഷതകളെല്ലാം പൂർണമായി ഭൂമിയിൽനിന്നുള്ള പരിശുദ്ധ ദൈവമാതാവിനെ സ്വർണാലയം എന്നു വിശേഷിപ്പിക്കാൻ ന്യായങ്ങളാകാം. നന്മയുടെ സൂര്യൻ നിത്യം പ്രകാശിക്കുന്നിടമായ പുതിയ ജറുസലേം ശുദ്ധസ്വർണംകൊണ്ടു പണിതതായിരിക്കുമെന്നു വെളിപാടുകാരന്റെ ദർശനവുമുണ്ടല്ലോ (വെളി 21,18.21).

## 2.3 മറിയം - ഉടമ്പടിപ്പെട്ടകം: കൂടുതൽ സമാനതകൾ
## മറിയം ഏലിസബേത്തിനെ സന്ദർശിച്ചപ്പോൾ (ലൂക്കാ 1,39-56)

ബാലേയൂദായിൽനിന്ന് ഉടമ്പടിപ്പെട്ടകം പട്ടണത്തിൽ പ്രവേശിച്ചപ്പോൾ ദാവീദ് സന്തോഷിച്ചു നൃത്തം ചെയ്തതും, പാടിയുരുവിട്ട പദങ്ങളും (2 സാമു 6,1-20ലെ വിവരണത്തെ) അനുസ്മരിപ്പിക്കുന്നതാണ് മിശിഹാകർത്താവിനെ ഉദരത്തിൽ വഹിക്കുന്ന മറിയം ഏലിസബേത്തിനെ സന്ദർശിച്ച് അഭിവാദനം ചെയ്തപ്പോൾ അഭിവന്ദിതയുടെ ഉദരത്തിൽ ശിശു ആനന്ദത്താൽ കുതിച്ചുചാടിയതും അവൾ വിസ്മയിച്ച് വാക്കുകൾ ഉരുവിട്ടതും. കൂടാതെ, *മുന്നു മാസം താമസിച്ചശേഷം മറിയം തിരിച്ചുപോയി* എന്ന കുറിപ്പുമുണ്ട് (ലൂക്കാ 1,56). ഇപ്രകാരമുള്ള ലൂക്കായുടെ വിവരണത്തിന് 2 സാമു 6-ാം അധ്യായത്തിൽ വാഗ്ദാനപേടകത്തെ സംബന്ധിച്ചുള്ള വിവരണത്തിന്റെ ഛായയും സ്വരവുമുണ്ട്. അതായത്, ലൂക്കാ 1,39-56ലെ വിവരണരൂപത്തിന് 2 സാമു 6,1-20ന്റെ സ്വാധീനമുണ്ട് എന്ന്. തെളിവിന് ഇപ്പറഞ്ഞ രണ്ടു രംഗങ്ങൾ തമ്മിലുള്ള ശ്രദ്ധാർഹമായ സമാനതകളുമുണ്ട്. ലൂക്കാ രചനയിൽ പ്രയോജനപ്പെടുത്തിയിട്ടുള്ള പഴയ നിയമം ഗ്രീക്ക് സെപ്ത്വജിന്ത് അത്രേ. ക്രൈസ്തവ സഭയുടെ ആരംഭത്തിൽ സഭയുടെ വിശുദ്ധ ഗ്രന്ഥം യഹൂദരുടെ വിശുദ്ധ ഗ്രന്ഥത്തിന്റെ (നമ്മുടെ പഴയ നിയമത്തിന്റെ) ഗ്രീക്കു സെപ്ത്വജിന്ത് (LXX = സപ്തതി) ആയിരുന്നു. അതിലെ ശൈലികളാണ് ലൂക്കായുടെ ഇരുവാല്യവിവരണത്തിൽ (ലൂക്കാ - അപ്പ.പ്ര.ൽ) പഴയനിയമം അധികരിച്ചുള്ള പദാവലികളിൽ പ്രതിധ്വനിക്കുന്നത്. മറിയമിന്റെ സന്ദർശന-അഭിവാദനങ്ങൾക്ക് ഏലിസബേത്തും ശിശുവും പ്രതികരിച്ചതും (ലൂക്കാ 1,38-45), അവയ്ക്കു മറിയമിന്റെ പ്രതികരണവും (സ്തോത്രഗീതം + ഏലിസബേത്തിന്റെ കൂടെയുള്ള വാസം

+ സ്വന്തം വീട്ടിലേക്കുള്ള മടക്കം) തമ്മിലുള്ള സാമ്യങ്ങളും സമാന്തരതകളും ശ്രദ്ധിക്കാം. (2 സാമുവേൽ സപ്തതിയിൽ (LXXൽ) 2 രാജാക്കന്മാർ ആകുന്നു എന്നതു സാന്ദർഭികമായി ഓർമിക്കാം).

## ലൂക്കാ 1,39-56ഉം 2 സാമു 6,1-20ഉം - വിവരണസമാനതകൾ

(i) ... *മറിയം ... യൂദയായിലുള്ള മലമ്പ്രദേശത്തുള്ള ഒരു പട്ടണത്തിലേക്ക് തിടുക്കത്തിൽ പുറപ്പെട്ടു* (ലൂക്കാ 1,39) || *അവൻ* (ദാവീദ് ദൈവത്തിന്റെ പേടകം കൊണ്ടുവന്നിരുന്ന അബീനാദാബിന്റെ) *മലയിലെ* വീട്ടിലേക്കു പോയി (2 സാമു 6,3; സങ്കീ 2,6). മറിയം പോയ സ്ഥലം ഇന്ന് അറിയപ്പെടുന്നത് ഐൻ കരേം എന്നാണ്. പുതിയ യറുഷലായിമിൽനിന്ന് (ജറുസലേമിൽനിന്ന്) ഏകദേശം ഒരു മൈൽ അകലെയുള്ള ഒരു മലയാണ്. ഇപ്പോൾ അവിടെ 'മറിയമിന്റെ സന്ദർശനത്തിന്റെ' ഒരു കത്തോലിക്കാ ദൈവാലയമുണ്ട്. (ii)യേശുവിനെ സംവഹിക്കുന്ന *മറിയം ... യൂദയായിലെ മലമ്പ്രദേശത്തുള്ള ഒരു പട്ടണത്തിലേക്കു ... പോയി* (ലൂക്കാ 1,39). ഈ വിവരണം വീണ്ടും, *കർത്താവിന്റെ പേടകം ദാവീദിന്റെ നഗരത്തിലേക്കു* പ്രവേശിച്ചു (*കൊണ്ടുവന്നു*) 2 സാമു 6,16ലെ വിവരണത്തിനു സമാനമാണ്. ഈ നഗരം മലമേലായിരുന്നു (സങ്കീ 2,6). (iii) *എന്റെ കർത്താവിന്റെ അമ്മ എന്റെ അടുത്തേക്കു വരാൻ ഞാനാനാര്?* (ഏലിസബേത്ത്: ലൂക്കാ 1,43). || ഏലിസബേത്തിന്റെ ഈ പ്രതികരണം *കർത്താവിന്റെ പേടകം എന്റെയടുത്തേക്കു വരുവതെങ്ങനെ?* എന്ന് 2 സാമു 6, 9ൽ രേഖ പ്പെടുത്തിയിട്ടുള്ള ദാവീദിന്റെ പ്രതികരണത്തിനു സമാനമാണ്. പേടകത്തിൽ സ്പർശിച്ചതിനാൽ ഊസിയായെ ദൈവം കൊന്നുകളഞ്ഞു (2 സാമു 6,7-8). അതിനാൽ തന്റെയടുത്തേക്കു പേടകം കൊണ്ടുവരുന്നതിൽ ഭയപ്പെട്ടു ദാവീദു പറഞ്ഞതാണ് (2 സാമു 6,9ലേത്). (iv) മറിയം ഏലിസബേത്തിനെ അഭിവാദനം ചെയ്തപ്പോൾ *അവളുടെ ഗർഭപാത്രത്തിൽ ശിശു കുതിച്ചു ചാടി* (ലൂക്കാ 1,41). || പേടകം നഗരത്തിലേക്കു കൊണ്ടുവന്നപ്പോൾ ദാവീദ് കർത്താവിന്റെ മുമ്പാകെ (പേടകത്തിന്മുമ്പാകെ) സർവശക്തിയോടുംകൂടെ നൃത്തം ചെയ്തതിന് (2 സാമു 6,12-14) സമാനമാണ് ശിശുവിന്റെ കുതിച്ചുചാട്ടം. (v) *ഏലിസബേത്തിന്റെ ഗർഭപാത്രത്തിൽ കുതിച്ചുചാടി*യപ്പോൾ *ശിശു* നഗ്നനായിരുന്നു (ലൂക്കാ 1,41) - സുവിശേഷകൻ പ്രത്യേകം പറയേണ്ടതില്ലാത്ത കാര്യം || പേടകത്തിന്മുമ്പാകെ നൃത്തം ചെയ്തപ്പോൾ ദാവീദ് *ഒരു ചണനൂൽ മാത്രമേ ധരിച്ചിരുന്നുള്ളു* (2 സാമു 6,14; *നഗ്നനായിരുന്നു*: 2 സാമു 6,20) എന്നീ വിവരണങ്ങൾക്കു സമാനമാണ് ലൂക്കാ 1,41ലേത്. (vi) *മറിയം അവളോടുകൂടെ മൂന്നു മാസത്തോളം താമസിച്ചു* (ലൂക്കാ 1,56a). ലൂക്കായുടെ ഈ വിവരണം, || *കർത്താവിന്റെ പേടകം അവിടെ* (ഓബേദ് ഏദോമിന്റെ വീട്ടിൽ) *മൂന്നു മാസം ഇരുന്നു* എന്ന് 2 സാമു 6,11ലെ വിവരണത്തിനു സമാനമാണല്ലോ. (vii) *പിന്നെ മറിയം വീട്ടിലേക്കു മടങ്ങി* (ലൂക്കാ 1,56b). ലൂക്കായുടെ ഈ വിവരണം, *പിന്നെ ജനവും ദാവീദും വീട്ടിലേക്കു മടങ്ങി* എന്നുള്ള 2സാമു 7,19bയുടെ തനിശൈലിയിലത്രേ.

## 2.4 മറിയം ഏലിസബേത്തിനു ചെയ്ത ശുശ്രൂഷ സുവിശേഷത്തിൽ

*മറിയം അവളോടുകൂടെ മൂന്നു മാസത്തോളം താമസിച്ചു; പിന്നെ മറിയം വീട്ടിലേക്കു മടങ്ങി* (ലൂക്കാ 1,56). ലൂക്കായുടെ വിവരണക്രമമനുസരിച്ച്, *മറിയം മടങ്ങിക്കഴിഞ്ഞ്* (ലൂക്കാ 1,56), *ഏലിസബേത്തിനു പ്രസവിക്കാനുള്ള സമയമായി* (1,57). *ഏലിസബേത്തിനു പ്രസവിക്കാനുള്ള സമയമായ*തിനു തൊട്ടുമുമ്പ് മറിയം *വീട്ടിലേക്കു മടങ്ങി* എന്ന വിവരണം നാം മനസ്സിലാക്കേണ്ടത്, വ്യാഖ്യാനിക്കേണ്ടത്, മറിയം ഏലിസബേത്തിനു നല്കുന്ന ശുശ്രൂഷയെക്കുറിച്ചു ലൂക്കാ വിവരിച്ചിട്ടുള്ളതിന്റെയും, സ്നാപക യോഹന്നാന്റെയും യേശുവിന്റെയും ശുശ്രൂഷകളുടെ കാലം സംബന്ധിച്ച് ലൂക്കാ നല്കിയിട്ടുള്ള സൂചനകളുടെയും വെളിച്ചത്തിലാവണം.

ഏലിസബേത്തിനൊപ്പം താമസിച്ചിരുന്ന മൂന്നു മാസക്കാലം മറിയം തീർച്ചയായും അടുക്കളയിലും ഏലിസബേത്തിനു പ്രത്യേകമായും അവസരോചിതമായ ശുശ്രൂഷകൾ ചെയ്തിട്ടിണ്ടാവും. ഇളയമ്മയെ എണ്ണയും കുഴമ്പും തേച്ചു കുളിപ്പിച്ചിട്ടുണ്ടാവും മറിയം. പ്രായാധിക്യത്തിലെ ഗർഭസ്ഥയ്ക്കുവേണ്ടി ചെയ്യാവുന്ന പലവിധ ശുശ്രൂഷകൾ. പക്ഷേ, അവയിലൊന്നുപോലും ലൂക്കാ സൂചിപ്പിക്കുകപോലും ചെയ്തിട്ടില്ല. ബഥനിയിലെ മാർത്താ - മറിയം സഹോദരിമാരുടെ ശുശ്രൂഷകളുടെ വകഭേദങ്ങളുൾപ്പടെ വിവരിച്ചിട്ടുള്ള സുവിശേഷകനാണ് ലൂക്കായെന്നോർക്കണം (ലൂക്കാ 10,38-42). യേശുവിനെ അനുഗമിച്ച സ്ത്രീകളിൽ ചിലർ അവിടുത്തേക്കു തങ്ങളുടെ സ്വത്തുകൊണ്ടു സഹായം ചെയ്തിരുന്നതുപോലും വിവരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സുവിശേഷകനുമാണല്ലോ ലൂക്കാ (ലൂക്കാ. 8,1-3). ഏലിസബേത്തിന്റെ വീട്ടിൽ മറിയം ചെയ്തതായി ലൂക്കാ വിവരിച്ചിട്ടുള്ള ശുശ്രൂഷ ഇവയാണ്: മറിയം തനിക്കു കർത്താവിന്റെ ദൂതനിൽനിന്നു ലഭിച്ച അഭിവാദനത്തെ പ്രതിഫലിപ്പിക്കുന്ന ഒരു അഭിവാദനം ഏലിസബേത്തിനു നല്കി. അതിന് ഏലിസബേത്തിന്റെ ഉദരസ്ഥ ശിശുവും അവൾതന്നെയും പ്രതികരിച്ചതി നോടുള്ള മറിയമിന്റെ പ്രത്യുത്തരമായ *മാഞ്ഞിഫിക്കാത്തും* - സ്തോത്രഗീതവും - മാത്രം. മറിയമിന്റെ അഭിവാദനഫലമായി ഏലിസബേത്തിനുണ്ടായ അനുഭവവും മറിയമിന്റെ സ്തോത്രഗീതത്തിന്റെ ഉള്ളടക്കവും തമ്മിലുള്ള ബന്ധംവച്ചു നോക്കുമ്പോൾ, പിതാക്കന്മാരോടു കർത്താവും രക്ഷകനുമായ ദൈവം തന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് തന്റെ വാഗ്ദാനം പൂർത്തീകരിച്ചതാണ് മറിയമിന്റെ വയറ്റിലുള്ള ശിശു. ആ ശിശുവിന്റെ സാന്നിധ്യവും അവൻ മുഖാന്തരം പരിശുദ്ധാത്മാ

ഭിഷേകവും ആത്മീയാനന്ദവും അനുഭവിക്കാനുള്ള അവസരവും അനുഗ്രഹവും ഏലിസബേത്തിനും അവളുടെ ഗർഭസ്ഥപ്രജയ്ക്കും മറിയമിന്റെ സന്ദർശനം അവസരമായി. മറിയമിന്റെ സന്ദർശനംകൊണ്ട് ഏലിസബേ ത്തിനും അവളുടെ ഗർഭസ്ഥശിശുവിനും ലഭ്യമായ അനുഗ്രഹങ്ങളാണ് മരിയഭക്തരായ നാം അവളിൽനിന്ന് ആദ്യമേ അഭ്യർഥിക്കുകയും പ്രാപിക്കുകയും ചെയ്യേണ്ടവ. ഇവയ്ക്കു പിന്നിലേ മറ്റനുഗ്രഹങ്ങൾക്ക് യഥാർഥ മരിയഭക്തർ സ്ഥാനമേകാവൂ എന്നാണ് സിറിയൻ അന്ത്യോക്യനും മരിയഭക്തനുമായ ലൂക്കാസുവിശേഷകന്റെ താത്പര്യം.

## 2.5 ഏലിസബേത്തിന്റെ പ്രസവത്തിനു തൊട്ടുമുമ്പ് മറിയം വീട്ടിലേക്കു മടങ്ങി!

ഇപ്രകാരമൊരു സമയക്രമനിഷ്ഠ യേശുവും സ്നാപകനും തമ്മിൽ ലൂക്കാ പാലിക്കുന്നത് ഇവിടെ മാത്രമല്ല. യേശുവിന്റെ സ്നാനത്തിന്റെ സന്ദർഭരംഗങ്ങൾ ലൂക്കാ ചിട്ടപ്പെടുത്തിയിട്ടുള്ള വിവരണക്രമം ശ്രദ്ധിക്കുക (ലൂക്കാ 3,20-22). അതനുസരിച്ചു ശ്രദ്ധിക്കുമ്പോൾ (ലൂക്കാ 3,19-22), ഹേറോദേസ് യോഹന്നാനെ (സ്നാപകനെ) കാരാഗൃഹത്തിലടച്ചിരിക്കുമ്പോളാണ് *ജനമെല്ലാം സ്നാനപ്പെട്ടപ്പോൾ യേശുവും വന്നു സ്നാനപ്പെട്ടത്* (ലൂക്കാ 3,20-21). യേശു യോഹന്നാനിൽനിന്ന് നേരിട്ടു സ്നാനം സ്വീകരിച്ചു ഏറ്റവും രസക രമായത്, യേശുവിന്റെ സ്നാനരംഗത്ത് ലൂക്കാ യോഹന്നാന്റെ പേരുപോലും പറയുന്നില്ല. സ്നാനരംഗത്ത് യോഹന്നാന്റെ സാന്നിധ്യമേയില്ല! ഇതിനർഥം ചരിത്രപരമായി യോഹന്നാനിൽനിന്ന് യേശു സ്നാനം സ്വീകരി ച്ചില്ല എന്നല്ല. 'സമയക്രമ'കാര്യത്തിൽ ഇരുവരും തമ്മിൽ ഒരു നിശ്ചിത അകലം (വ്യത്യാസം) നിലനിർത്തുക എന്നൊരു ദർശനം ലൂക്കാ വിവരിക്കുന്ന രക്ഷാകര ശാസ്ത്രത്തിനുണ്ട്. അത് അക്ഷരരൂപത്തിൽ ലൂക്കാ നല്കിയിട്ടുമുണ്ട്: *നിയമവും പ്രവാചകന്മാരും യോഹന്നാൻവരെ ആയിരുന്നു. അതിനുശേഷം ദൈവരാജ്യം സുവിശേഷിക്കപ്പെടുന്നു. എല്ലാവരും ബലംപ്രയോഗിച്ച് അതിൽ പ്രവേശിക്കുന്നു* (ലൂക്കാ 16,16 ഗ്രീക്കുപാഠ മനുസരിച്ച്). ഈ യേശുച്ചൊല്ലിലെ *യോഹന്നാൻവരെ* എന്ന ശൈലീപ്രയോഗത്തിന്റെ താത്പര്യം ഇതാണ്: "വാഗ്ദാനത്തിന്റെ യുഗത്തിനുശേഷം വാഗ്ദാനപൂർത്തീകരണത്തിന്റെ സുവിശേഷം പ്രഘോഷിക്കപ്പെടുന്ന യുഗമായിക്കഴിഞ്ഞു. രണ്ടിനുമിടയ്ക്ക് സ്നാപകയോഹന്നാൻ ഉണ്ടായിരുന്നു. അവൻ കർത്താവിനുവേണ്ടി ഒരു ജനത്തെ ഒരുക്കി (ലൂക്കാ 1,15-17). അവൻ വാഗ്ദാനപൂർത്തീകരണത്തിന്റെ പടിവാതില്ക്കൽ കാൽ കുത്തിയെങ്കിലും അകത്തു പ്രവേശിച്ചില്ല. ഇതാ, വാഗ്ദാനങ്ങളുടെ പൂർത്തീകരണമായി. പുതുയുഗപ്പിറവി യായി..." (കുര്യൻ വാലുപറമ്പിൽ, "ലൂക്കായുടെ സുവിശേഷം," *ആൽഫാ ബൈബിൾവ്യാ ഖ്യാനം*, തലശേരി: സന്ദേശഭവൻ, 2012, 654). ഈ യുഗക്രമമനുസരിച്ച്, യോഹന്നാൻ ഭൂമുഖത്തേക്കു വരുന്ന രംഗത്ത് മിശിഹാകർത്താവിന്റെ ശാരീ രിക സാന്നിധ്യമരുത്. കാരണം രണ്ടു പേരും രണ്ടു യുഗങ്ങളുടെ പ്രവർത്തകരാണ്. മിശിഹാകർത്താവിനും യോഹന്നാനും തമ്മിൽ ലൂക്കാ പാലിക്കുന്നത് ചരിത്രപരമായ സമയത്തിലെ അകലമല്ല; വാഗ്ദാന-പൂർത്തീ കരണങ്ങളുടെ യുഗശാസ്ത്രപരമായ അകലമാണ്. എന്നാൽ, ലൂക്കാ അമ്മ മറിയമിനെ പൂർത്തീകരണങ്ങളുടെ യുഗത്തിന്റെ അനുഗൃഹീതയാക്കിയിട്ടുണ്ട് (ഉദാ: ലൂക്കാ 1,26-56; 11,27-28; അപ്പ 1,12-14).

## 3. ദൈവമാതാവിന്റെ സന്ദർശനത്തിന്റെ വെളിച്ചത്തിൽ ഒരു സ്ത്രീപക്ഷവായന

പരിശുദ്ധ മറിയമിന്റെ ജനനപ്പെരുന്നാൾ ആഘോഷിക്കുന്നതിന്റെ അടിസ്ഥാനകാരണം അവൾ ദൈവപു ത്രനെ ഗർഭംധരിച്ചു പ്രസവിച്ചു വളർത്തിയെന്ന സത്യമാണെന്നതു വിസ്മരിക്കരുത്. കർത്തൃദാസി കന്യകമ റിയം തന്നിലേക്ക് ഗബ്രിയേൽദൂതൻവഴി വന്ന വചനം സ്വീകരിച്ചു. തന്റെമേൽ ആവസിച്ച പരിശുദ്ധാത്മാവിന്റെ അത്യുന്നതശക്തിക്ക് എളിമപ്പെട്ടു - തന്റെ മനസ്സിന്റെ ഗർഭപാത്രമായ ഹൃദയത്തിലും ശാരീരിക ഗർഭപാത്ര ത്തിലും പരിശുദ്ധനും ദൈവപുത്രനും മിശിഹായും കർത്താവും ദൈവരാജ്യത്തിന്റെ ഭരണാധികാരിയുമായ വൻ ഉരുവാകാൻ. അവൾ ഉടമ്പടിപ്പേടകമായി. അവനെ ലോകത്തിനു നല്കാനും അവൾ എളിമപ്പെട്ടു. അതിനു വേണ്ടി അവൾ ആദ്യം തന്റെ വൃദ്ധയായ ഇളയമ്മയെയും അവളുടെ ഗർഭസ്ഥ ശിശുവിനെയും സന്ദർശിച്ചു. ഇരുവരെയും അവൾ ആനന്ദപ്പായസമൂട്ടി. പരിശുദ്ധാത്മോദ്ഭൂതനായ മരിയസുതനാകട്ടെ, തന്നെക്കൊണ്ടു നിറഞ്ഞ അമ്മയുടെ സാന്നിധ്യവും സ്വരവും അനുഭവിച്ചവർക്ക് പരിശുദ്ധാത്മനിറവും അതിനാലുള്ള കുതിച്ചു ചാട്ടവും അനുഭവമാക്കി. ഇതാ, അതേ അമ്മ മകനെയുംകൂട്ടി വീണ്ടും വരുന്നു! അമ്മയുടെ സ്വരം തിരിച്ചറി യാൻ കഴിവുള്ളവരും സമനസ്സുള്ളവരും സ്വീകരിക്കാൻ.

എട്ടുനോമ്പ് ഭൗതിക നന്മകൾക്കുവേണ്ടി മാത്രം പ്രാർഥിക്കുന്ന അവസരമാക്കി ചുരുക്കരുത്. സ്ത്രീകളുടെ മരിയഭക്തിയുടെ ആഘോഷത്തിന്റെ ഈ സവിശേഷാവസരം സ്തീകൾക്ക് തങ്ങളുടെ സ്ത്രീത്വത്തെയും സ്ത്രീശരീരത്തിന്റെ സവിശേഷതകളെയും അതിനു ദൈവം നല്കിയിട്ടുള്ള പ്രത്യേക സിദ്ധികളെയുംപ്രതി അഭിമാനിക്കാനും പരിശുദ്ധ അമ്മയോടൊത്തു ദൈവത്തെ പാടിപുക ഴ്ത്താനുമുള്ള അവസരമാണ്. ഓരോ സ്ത്രീയും നല്കപ്പെട്ടിട്ടുള്ള ദൈവവിളിയനുസരിച്ചുള്ള ലൈംഗികപരിശുദ്ധിയും ശരീരശുദ്ധിയും പൊതുശു ദ്ധിയും കാത്തുസൂക്ഷിച്ചുകൊണ്ടും തങ്ങളുടെ ശരീരത്തെപ്രതി സ്വയമഭിമാനിച്ചുകൊണ്ടും ദൈവരാജ്യത്തിനും മാനകുലത്തിനും ശുശ്രൂഷകളർപ്പിച്ചുകൊണ്ട് ജീവിതം സാർഥകവും ധന്യവുമാകാൻ വരം വാങ്ങിത്തരാൻ

പരിശുദ്ധ അമ്മയോട് അപേക്ഷിക്കട്ടെ. വചനത്തെ ഹൃദയത്തിൽ ധരിച്ച് വാക്കിലും പ്രവൃത്തിയിലും യേശുവിനെ പ്രസവിക്കാനുള്ള അനുഗ്രഹം സ്ത്രീജനം സമൃദ്ധമായി സ്വീകരിക്കട്ടെ! യേശുവിനെക്കൊണ്ടു നിറഞ്ഞവരുടെ അഭിവാദനസ്വരം കേട്ട് ആനന്ദിക്കാനും ആത്മാവിൽ തുള്ളിച്ചാടാനും 'യൂദയാകളിലെ മലമ്പ്രദേശങ്ങളിലെ' വീടുകളിൽ 'പ്രായമായവർ'ക്ക് ഇടയാകട്ടെ! ഗർഭസ്ഥ ശിശുക്കൾക്കു ഞെരിയാനും വിലപിക്കാനുമല്ല, ജീവനും ജീവനേകുന്നവനുമായവന്റെ സാന്നിധ്യമനുഭവിച്ചു തുള്ളിച്ചാടാൻ ഇടയാകട്ടെ! യേശുവിനെക്കൊണ്ടു നിറയുകയെന്നതാകട്ടെ എല്ലാ എട്ടുനോമ്പാചാര്യരുടെയും ആദ്യോദ്ദേശ്യം! അവർക്ക് പരിശുദ്ധ മറിയമിന്റെ മക്കളായ വാഗ്ദാനപ്പേടകപ്പതിപ്പുകളാകാൻ എട്ടുനോമ്പിന്റെ അനുഗ്രഹാശംസകൾ!

## 5. 1 സാമു 6,1–20ലെ വിവരണത്തോട് കൂടുതൽ സമാനതകൾ

മറിയം ഏലിസബേത്തിനെ സന്ദർശിച്ചതിനെക്കുറിച്ചുള്ള ലൂക്കായുടെ വിവരണത്തിൽ 1 സാമു 6,1–20ൽ ഉടമ്പടിപ്പെട്ടകം സംബന്ധിച്ചുള്ള വിവരണത്തിലെ ഒട്ടേറെ സമാന ശൈലികൾ ഇനിയുമുണ്ട്.

ഏലിസബേത്തിന്റെയും മറിയമിന്റെയും മാതൃത്ത്വങ്ങൾ
സഭയ്ക്കു രണ്ടു മാതൃത്ത്വമാതൃകകൾ

ലൂക്കാ തന്റെ ഇരുവാല്യരചനയിൽ വിവരിക്കുന്നത് യേശുക്രിസ്തുവിൽ നിറവേറ്റപ്പെട്ട രക്ഷാചരിത്രമാണ്. അത് പഴയ നിയമത്തിലെ രക്ഷാചരിത്രത്തിന്റെ തുടർച്ചയാണെന്ന് വ്യക്തമാക്കാൻ ഉപകരിക്കുന്നതാണ് വിവരണത്തിന്റെ ആരംഭം. ലൂക്കായുടെ സുവിശേഷത്തിന്റെ ഇപ്പോഴത്തെ അധ്യായമനുസരിച്ചു പറഞ്ഞാൽ ലൂക്കായുടെ സുവിശേഷത്തിന്റെ ഒന്നാം അധ്യായം. അതിൽ രക്ഷകരചരിത്രത്തിന്റെ രണ്ടു യുഗങ്ങളുടെ യേശുക്രിസ്തുവിനു മുമ്പും യേശുക്രിസ്തുവിൽ ആരംഭിക്കുന്നതുമായ രണ്ടു യുഗങ്ങളുടെ. ഒന്നാം വാല്യത്തിന്റെ കേന്ദ്രവിഷയം യേശുക്രിസ്തുവിന്റെ ജ